**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3142 — 23/03/2015-ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് പദ്ധതിയിൽ ഉൾപ്പെട്ട വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന നിറവ് പദ്ധതിയിൽ കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് എന്നിവ ഉൾപ്പെടുന്നു. |
| ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഇതുവരെ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം അംഗീകരിച്ചു; എത്ര രൂപ അനുവദിച്ചു; വിശദമാക്കുമോ ; | ബി) സി) & ഡി) 2014-15 വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിറവ് മണ്ഡലമാണ് കൊയിലാണ്ടി. എം.എൽ.എ യുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ആദ്യ യോഗം 22.12.2014-നും, രണ്ടാമത്തെ യോഗം 31.12.2014-നും കൂടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിൽ വച്ച് കൃഷി വകുപ്പും, ഇതര വകുപ്പുകളും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഒരു രൂപരേഖ ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുള്ളതായും ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| സി) കൃഷി വകുപ്പിന് കീഴിൽ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു; അവ ഏതെല്ലാം; പദ്ധതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | |
| ഡി) കൃഷി വകുപ്പിൽ ഇതുവരെ നിറവ് പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾ അംഗീകരിച്ചു; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | |
| ഇ) പദ്ധതി നടപ്പാക്കുന്നതിനായി കൊയിലാണ്ടിയിൽ വിവിധ വകുപ്പുകളെ ഏകോപിച്ച് കൊണ്ട് പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ കൃഷി വകുപ്പിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ) ഇല്ല. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് കൃഷി വകുപ്പ് പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**